**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2180** **20-01-2021 - ൽ മറുപടിയ്ക്ക്**

**കണ്ണടകളുടെയും ലെൻസുകളുടെയും വിൽപ്പന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാജു എബ്രഹാം | | **Smt. K. K .Shailaja Teacher**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
| (എ) | സംസ്ഥാനത്ത് പ്രതിവർഷം നടക്കുന്ന കണ്ണടകളുടെയും ലെൻസുകളുടെയും വിൽപ്പന സംബന്ധിച്ച് എന്തെങ്കിലും കണക്ക് സർക്കാരിന്റെ പക്കലുണ്ടോ; | (എ) | സംസ്ഥാനത്ത് നിലവിലുള്ള കണ്ണട വ്യാപാരികൾ നൽകിയിട്ടുള്ള കണ്ണടകൾ ലെൻസുകൾ എന്നിവയുടെ കണക്കുകൾ ലഭ്യമല്ല. എന്നാൽ ദേശീയ അന്ധതാ നിവാരണ പദ്ധതിയുടെ ഭാഗമായി 2020-21 കാലയളവിൽ കാഴ്ച വൈകല്യമുള്ള 13255 സ്കൂൾ കുട്ടികൾക്കും 13576 വയോജനങ്ങൾക്കും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന കണ്ണട സംഭരിച്ച് സൗജന്യമായി വിതരണം നടത്തിയിട്ടുണ്ട്. |
| (ബി) | കണ്ണടകളിൽ ഉപയോഗിക്കുന്ന ലെൻസുകളുടെ അടിസ്ഥാനത്തിൽ ഇവയുടെ വില നിയന്ത്രിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഈ മേഖലയിൽ നിയന്ത്രണം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | ഇല്ല. ഇക്കാര്യം പരിശോധിക്കാവുന്നതാണ്. |
| (സി) | സംസ്ഥാനത്ത് കണ്ണടകളും ലെൻസുകളും നിർമ്മിക്കുകയോ വില്പനനടത്തുകയോ ചെയ്യുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ഉണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (സി) | കണ്ണടകളും, ലെൻസുകളും നിർമ്മിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ സംസ്ഥാനത്തു പ്രവർത്തിക്കുന്നില്ല. എന്നാൽ കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ HLL Ltd (Hindustan Latex Limited) ന്റെ HLL-Optical Store-കൾ സംസ്ഥാനത്ത് പ്രധാനപ്പെട്ട സർക്കാർ ആശുപത്രികളോട് അനുബന്ധിച്ച് പ്രവർത്തിച്ചു വരുന്നുണ്ട്. ഈ സ്റ്റോറുകൾ മുഖേന കണ്ണടകളുടെ ലെൻസുകളും ഫ്രെയിമുകളും വിൽപ്പന നടത്തുന്നുണ്ട്. കൂടാതെ, കണ്ണൂർ മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുക്കുന്നതിനു മുൻപ് പർച്ചേസ് കമ്മിറ്റിയുടെ കീഴിൽ ഒഫ്ത്താൽമോളജി വിഭാഗത്തിൽ പ്രവർത്തിച്ചുവന്നിരുന്ന കണ്ണട വ്യാപാര സ്ഥാപനം നിലവിൽ ഹോസ്പിറ്റൽ ഡവലപ്പ്മെന്റ് സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ഡി) | സംസ്ഥാനത്തെ സ്ത്രീ ശാക്തീകരണത്തിന് ഊർജ്ജം പകരും വിധം ഓഫ്താൽമിക് വിഭാഗം ഉള്ള സർക്കാർ ആശുപത്രികളിലെങ്കിലും കണ്ണടകളുടെ വില്പനയ്ക്കുള്ള സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് കുടുംബശ്രീ പോലുള്ള പ്രസ്ഥാനങ്ങളെ പ്രയോജനപ്പെടുത്താൻ എന്തെങ്കിലും പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഡി) | പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ